# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4585 — 04/02/14-ൽ മറുപടിക്ക്

## ചാലക്കുടിയിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട് ലെറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ചാലക്കുടിയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട്ലെറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>ബി) ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; | എ) & ബി) ചാലക്കുടിയിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട് ലെറ്റ് എന്നിവ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് മുൻസിപ്പൽ ചെയർമാനോടും തഹസീൽദാരോടും അഭ്യർത്ഥിച്ചിരുന്നു. മുകുന്ദപുരം അഡീഷണൽ തഹസീൽദാർ ടി മുനിസിപ്പാലിറ്റിയിൽ പെട്രോൾ ബങ്കും ഗ്യാസ് ഔട്ട് ലെറ്റും തുടങ്ങുന്നതിന് അനുയോജ്യമായ സർക്കാർ റവന്യൂ ഭൂമി ലഭ്യമല്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. തുടർ അന്വേഷണത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഗ്യാസ് ഔട്ട് ലെറ്റും പെട്രോൾ ബങ്കും സ്ഥാപിക്കുവാൻ ഓയിൽ കമ്പനി ഡീലർഷിപ്പിനായി വേണ്ടുന്ന തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രതിമാസം 25 ലക്ഷത്തിലധികം വിറ്റു വരവ്, 2500 ചതുരശ്ര അടിയിൽ കൂടുതൽ സ്ഥല സൗകര്യം, മതിയായ വാഹന പാർക്കിംഗ് സൗകര്യം എന്നിവയുള്ള പ്രധാന ടൗണുകളിലാണ് പീപ്പിൾസ് ബസാർ ആരംഭിക്കുന്നത്. സപ്ലൈകോക്ക് സ്വന്തമായി സ്ഥലസൗകര്യമുള്ള ജില്ല/താലൂക്ക് ആസ്ഥാനങ്ങളിൽ വാണിജ്യപരമായും സാമൂഹികപരമായും അവലോകനം നടത്തിയാണ് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നത്. സപ്ലൈകോക്ക് നിലവിൽ ചാലക്കുടിയിൽ സ്വന്തമായി സ്ഥലം ഇല്ല. ആയതിനാൽ ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവ അനുവദിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. കൂടുതൽ സൗകര്യപ്രദമായ സ്ഥലത്ത് (ചാലക്കുടി ഫെഡറൽ ബാങ്കിന് സമീപം) പാർക്കിംഗ് സൗകര്യത്തോടുകൂടി നിലവിലുണ്ടായിരുന്ന സൂപ്പർ മാർക്കറ്റ് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദമാണ്. |

| | |
|---|---|
| സി) കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ പഞ്ചായത്തിലെ അടിച്ചിലി യിലും മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനായി നടപടി സ്വീകരി ക്കുമോ ? | സി) നിലവിൽ സപ്ലൈകോ വിൽപനശാലകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് സപ്ലൈകോ ഇപ്പോൾ മുൻഗണന നൽകിവരുന്നത്. കൊരട്ടി പഞ്ചായത്തിലെ കൊരട്ടി യിൽ ഒരു സൂപ്പർ മാർക്കറ്റും മേലൂർ പഞ്ചായത്തിലെ മേലൂരിൽ ഒരു മാവേലി സ്റ്റോറും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മേൽ പഞ്ചായത്തുകളിൽ രണ്ടാമത്തെ വിൽപ്പനശാല ആരംഭിക്കുന്നതിന് സപ്ലൈകോ മാനദണ്ഡ പ്രകാരം മാവേലി സ്റ്റോർ നിലനിൽക്കുന്ന കാലത്തോളം വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്തുകൾ നൽകാൻ തയ്യാറാകുന്ന മുറയ്ക്ക് സാധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ ജീവനക്കാരുടെ ലഭ്യത കൂടി കണക്കിലെടുത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്ന താണ്. |

Beena

**സെക്ഷൻ ഓഫീസർ**